Statement showing the schedule of balanced diet for an adult made labourer.

Food Stuffs.	*Ounces consumed per day.*
Foodfactors :	
Protein (Gm)	68·2
Fat (Gm)	43.6
Carbohydrate	440
Total calories	2420

This diet will cost about Re. 1 per adult male per day and will have sufficient other food factors—minerals and vitamins.

പിറുത്തിച്ചക്ക കയറുമതി.

146. MR. MUHAMMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടിപറയുമോ?

(എ) പിറുത്തിച്ചക്ക ഒരു സാധാരണ ഭക്ഷ്യസാധനമല്ലാത്തതിനാൽ അതിന്മേലുള്ള കയറുമതിനിരോധനം നീക്കംചെയ്യണമെന്ന ആവശ്യപ്പെട്ടുകൊണ്ട് പത്തനാപുരം താലൂക്കിലെ കാൺഗ്രസ്സ് കമ്മിറ്റികളും സഹകാരികളും കർഷകരും യോഗങ്ങൾകൂടി നിശ്ചയങ്ങൾ പാസാക്കിയിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ?

(ബി) അനേകം സാധു കർഷകർ ഈ കൃഷിയിൽനിന്നും കിട്ടുന്ന പണംകൊണ്ടാണു നിത്യവൃത്തികഴിക്കുന്നതെന്നു ഗവണ്മെൻറു ഗ്രഹിച്ചിട്ടുണ്ടോ?

(സി) നിരോധനംമൂലം ചക്കയ്ക്കു വിലകിട്ടാതെ കർഷകർ ഈ കൃഷിതന്നെ ഉപേക്ഷിച്ചുവരുന്നതായി ഗവണ്മെൻറിനറിയാമോ?

(ഡി) ഈ പരിതസ്ഥിതികളിൽ നിരോധനം ഉടനടി നീക്കേണ്ടതു് ആവശ്യമാണെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

HON'BLE MR.K M. KORAH : (എ) ഇല്ല. എന്നാൽ പത്തനാപുരം താലൂക്കിലുള്ള ചില കൃഷിക്കാരിൽനിന്നും ഏതാനും അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ ചില പ്രദേശങ്ങളിൽ സാധു കൃഷിക്കാർക്ക് ഇതു് ഒരു ചെറിയതോതിൽ ആദായമാർഗ്ഗമാണെന്നറിയാം.

(സി) ഇല്ല.

(ഡി) നിരോധനം ഇല്ല. പക്ഷേ ഈ സംഗതിയെ സംബന്ധിച്ചു കൂടുതൽ അന്വേഷണങ്ങൾ നടത്തി പെർമിറു വ്യവസ്ഥ മാറേണ്ടതാണെന്നു കണ്ടാൽ അതിലേക്കു ഗവണ്മെൻറു വേണ്ടതു ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly